**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5773** **08-11-2021 - ൽ മറുപടിയ്ക്ക്**

**സിക്ക് ഇൻഡസ്ട്രിയൽ യൂണിറ്റുകളുടെ റീ സ്ട്രക്ചറിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ പ്രൈവറ്റ്/പബ്ലിക് സെക്ടറുകളിലായി എത്ര സിക്ക് ഇൻഡസ്ട്രിയൽ യൂണിറ്റുകൾ ഉണ്ടെന്നതിന്റെ പട്ടിക ജില്ല തിരിച്ച് നൽകാമോ; | (എ) | വിവിധ ജില്ലാവ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള കണക്കുകൾ പ്രകാരം നിലവിൽ പ്രൈവറ്റ്/പബ്ലിക് സെക്ടറുകളിലായി ആകെ 145 സിക്ക് ഇൻഡസ്ട്രിയൽ യൂണിറ്റുകൾ ആണ് ഉള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെപ്പറയുന്നു : ജില്ല എണ്ണം തിരുവനന്തപുരം - 5 കൊല്ലം - 27 പത്തനംതിട്ട - 6 ആലപ്പുഴ - 3 കോട്ടയം - 15 ഇടുക്കി - 4 എറണാകുളം - 21 തൃശ്ശൂർ - 13 പാലക്കാട് - 21 മലപ്പുറം - 11 കോഴിക്കോട് - 10 വയനാട് - 0 കണ്ണൂർ - 3 കാസർകോട് - 6 ആകെ - 145 |
| (ബി) | ഇരുപത്തിയഞ്ച് ലക്ഷത്തിൽ താഴെ ഷെയർ ക്യാപിറ്റൽ ഉള്ള സിക്ക് ഇൻഡസ്ട്രിയൽ യൂണിറ്റുകൾ എത്രയെന്നും ഷെയർ ക്യാപിറ്റൽ ഇരുപത്തിയഞ്ച് ലക്ഷത്തിന് മുകളിലുള്ളവ എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | സിക്ക് ഇൻഡസ്ട്രിയൽ യൂണിറ്റുകളുടെ ഷെയർ ക്യാപിറ്റൽ സംബന്ധമായ വ്യക്തമായ കണക്കുകൾ ശേഖരിച്ചിട്ടില്ല. |
| (സി) | വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി സിക്ക് ഇൻഡസ്ട്രിയൽ യൂണിറ്റുകളുടെ നവീകരണത്തിനായി ക്യാപ്പിറ്റൽ റീസ്ട്രക്ചറിംഗ് പദ്ധതി സർക്കാർ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുടെ നവീകരണത്തിനായി വ്യവസായ വകുപ്പ് വഴി The Kerala Stressed MSMEs Revival & Rehabilitation Scheme എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉല്പാദന രഹിതമായ ആസ്തികൾ ഉല്പാദന ആസ്തികളാക്കി മാറ്റുന്നതിനും പരമാവധി 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം, 1. നിലവിലുള്ള ബാങ്ക് വായ്പ പുനക്രമീകരിച്ച് ബാങ്ക് നൽകുന്ന അധിക വായ്പയ്ക്ക് ആവശ്യമായ ഗുണഭോക്തൃ വിഹിതത്തിന്റെ 50% പരമാവധി 2 ലക്ഷം രൂപ വരെ സാമ്പത്തിക സഹായമായി നൽകുന്നു. 2. വിദഗ്ധസമിതി ശുപാർശ ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ ബാങ്ക് നൽകുന്ന അധിക വായ്പയിൽ ആദ്യവർഷം 6% |

| | | | |
|---|---|---|---|
| | | | ശതമാനം പലിശ സബ്സിഡിയായി പരമാവധി 1 ലക്ഷം രൂപ നൽകുന്നു. 3. പുന:പ്രവർത്തന സഹായമായി ധനകാര്യ സ്ഥാപനത്തിന്റെ വായ്പ സഹായമില്ലാതെ പുനരുദ്ധാരണ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്ന പ്രകാരം അധികമായി വാങ്ങുന്ന മെഷിനറികളുടെ വിലയുടെ 50% പരമാവധി 1.50 ലക്ഷം രൂപ സാമ്പത്തിക സഹായമായി നൽകുന്നു. 4. നിലവിലുള്ള മെഷിനറിയുടെയും കെട്ടിടത്തിന്റേയും അടിയന്തിര അറ്റകുറ്റ പണികൾക്കുള്ള ചിലവിന്റെ 50% പരമാവധി 1 ലക്ഷംരൂപ തിരിച്ചു നൽകുന്നു. 5. കെ.എസ്.ഇ.ബി., ജി.എസ്.ടി., എക്സൈസ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ ഏജൻസികളിൽ നിലവിലുള്ള കുടിശ്ശിക തീർക്കുന്നതിന് 50% പരമാവധി 40,000 രൂപ സഹായം നൽകുന്നു. 6. പുനരുദ്ധാരണ പദ്ധതി രേഖ (Revival Project Report) തയ്യാറാക്കുന്നതിനുള്ള ചിലവിന്റെ 100% (ഒരു യൂണിറ്റിന് പരമാവധി 10,000 രൂപ) തിരികെ നൽകുന്നു. |

സെക്ഷൻ ഓഫീസർ